**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.56** **28.10.2019-ൽ മറുപടിക്ക്**

**സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി. സ്വീകരിച്ച നടപടികൾ**

**ചോദ്യം**

**ശ്രീ. യു. ആർ. പ്രദീപ്**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. എത്ര തസ്തികകളിലേക്കാണ് അപേക്ഷ ക്ഷണിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | 2,184 (രണ്ടായിരത്തി ഒരുന്നൂറ്റി എൺപത്തി നാല്) തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | ഇതുവഴി എത്ര ലക്ഷം അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കാമോ; | (ബി) | 2,88,48,961 ( രണ്ടു കോടി എൺപത്തി എട്ട ലക്ഷത്തി നാൽപത്തിഎട്ടായിരത്തി തൊള്ളായിരത്തി അറുപത്തി ഒന്ന്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തസ്തികകളിൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെന്ന് വിശദമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2453 (രണ്ടായിരത്തി നാന്നൂറ്റി അൻപത്തി മൂന്ന്) പരീക്ഷകൾ നടത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ പരീക്ഷകളുടെ ഉൾപ്പെടെ 3347 (മൂവായിരത്തി മുന്നൂറ്റി നാല്പത്തിയേഴ്) റാങ്ക് പട്ടികകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) | പരീക്ഷകൾ സമയബന്ധിതമായി നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി | വിജ്ഞാപനം ചെയ്യപ്പെടുന്ന ഓരോ തസ്തികയുടേയും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിവരെ ലഭിക്കുന്ന അപേക്ഷകളുടെയും കമ്മീഷൻ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരീക്ഷകൾ എത്രയും വേഗം നടത്തുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഓരോ പരീക്ഷയും നടന്നു കഴിഞ്ഞാൽ ഉത്തരസൂചികയുമായി ബന്ധപ്പെട്ട പരാതി സമർപ്പിക്കുവാൻ നിശ്ചിത |

| | | | |
|---|---|---|---|
| | | | സമയം നൽകുന്നുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാകുന്ന പരാതികൾ പരിശോധിക്കുകയും അന്തിമ ഉത്തര സൂചിക വളരെ വേഗം പ്രസിദ്ധീകരിച്ച് മൂല്യനിർണ്ണയം എത്രയും വേഗം പൂർത്തിയാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ